(സി&ഡി) രാമങ്കരി ടാങ്കിൽ വെള്ളമെത്തിക്കുന്നതിനുവേണ്ടി 41 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പാനൂർ ജല അതോറിറ്റി കെട്ടിടം പുതുക്കിപ്പണിയാൻ നടപടി

147 (744) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാനൂർ ഗവൺമെന്റ് എൽ.പി. സ്കൂളിന് സമീപമുള്ള വാട്ടർ അതോറിറ്റിയുടെ പഴയകെട്ടിടം പൊളിച്ചുമാറ്റി പുതുക്കി പണിയാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പ്രവൃത്തിയുടെ ദർഘാസ് രണ്ടുതവണ ക്ഷണിച്ചിട്ടും കോൺട്രാക്ടർമാർ ആരുംതന്നെ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ വീണ്ടും ദർഘാസ് ക്ഷണിക്കുകയും ദർഘാസ് സമർപ്പിക്കുവാനുള്ള അവസാന തീയതി 5-1-2011 ഉം ആണ്. ദർഘാസ് നടപടി പൂർത്തീകരിച്ചു കഴിഞ്ഞാൽ മൂന്നുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും.

കോന്നി കേന്ദ്രീകരിച്ച് വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ്

148 (745) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി കേന്ദ്രീകരിച്ച് വാട്ടർ അതോറിറ്റിയുടെ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്ഥലം എം. എൽ. എ.-യുടെ ആവശ്യം പരിഗണിച്ച് പ്രസ്തുത ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കാമെന്ന് ബഹു. മന്ത്രി സഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ? ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സെക്ഷൻ ഓഫീസ് ആരംഭിക്കുവാനുള്ള അടിയന്തര ഉത്തരവ് നൽകുമോ ?

ഉത്തരം

(എ-സി) കോന്നി കേന്ദ്രീകരിച്ച് വാട്ടർ അതോറിറ്റിയുടെ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (ദക്ഷിണ മേഖല) യിൽനിന്നു ലഭിച്ച റിപ്പോർട്ട് അതോറിറ്റിയുടെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച മറ്റു വിശദാംശങ്ങൾ ശേഖരിച്ച ശേഷം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly